## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തനിയമസഭാചോദ്യം നം:5440 28.07.2015 ലെ മറുപടിയ്ക്ക്

### ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.റ്റി.വി. രാജേഷ് | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനായി വിവിധ പഞ്ചായത്തുകൾ തെരഞ്ഞെടുത്ത് പ്രപ്പോസൽ സമർപ്പിക്കുന്നതിന് കേന്ദ്രസർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിരുന്നുവോ? | (എ) | ഇല്ല, എന്നാൽ 12-ാം പഞ്ചവൽസര പദ്ധതിയുടെ/എം.എസ്.ഡി.പി.-യുടെ പുനരാവിഷ്കൃത മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ന്യൂനപക്ഷ കേന്ദ്രീകൃത വില്ലേജ് ക്ലസ്റ്ററുകൾ കൂടി ടി പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അതനുസരിച്ച് കണ്ണൂർ ജില്ലയിൽ നിന്നും ഏതൊക്കെ പഞ്ചായത്തുകളാണ് തെരഞ്ഞെടുത്തിട്ടുള്ളത്; എന്തൊക്കെ പ്രപ്പോസലുകളാണ് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളത്; പ്രസ്തുത പ്രപ്പോസലിന് അനുമതി ലഭിച്ചിട്ടുണ്ടോ? | (ബി) | കണ്ണൂർ ജില്ലയിൽ നിന്നും ജില്ലാ കളക്ടർ കണ്ടെത്തിയ 22 ന്യൂനപക്ഷ കേന്ദ്രീകൃത വില്ലേജുകളെ ടി ജില്ലയിലെ ക്ലസ്റ്റർ വില്ലേജുകളായി അംഗീകരിക്കുന്നതിന് വേണ്ടി കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട് (ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു). ടി വില്ലേജുകളിൽപ്പെട്ട <u>ഇരിക്കൂർ, മാടായി</u> എന്നിവിടങ്ങളിൽ നിന്ന് യഥാക്രമം 9.46, 15.7 കോടി രൂപയുടെ വിവിധ പദ്ധതി പ്രൊപ്പോസലുകൾ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ അംഗീകരത്തിനായി നൽകിയിട്ടുണ്ട്. ടി പ്രൊപ്പോസലുകൾക്ക് അനുമതി ലഭിച്ചിട്ടില്ല.<br>**<u>പ്രൊപ്പോസലുകൾ</u>**<br>ഇരിക്കൂർ – കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ആയുർവേദ ഹോസ്പിറ്റൽ നവീകരണം, സ്ക്കൂൾ നവീകരണം, സ്മാർട്ട് ക്ലാസ് റൂം, ക്ലാസ് റൂം നിർമ്മാണം, സ്ക്കൂൾ പ്ലേ ഗൗണ്ട്, ചുറ്റുമതിൽ നിർമ്മാണം .<br>മാടായി –ക്ലാസ് റൂം നിർമ്മാണം, ഫിഷറീസ് ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം, ഹോമിയോ ആശുപത്രി കെട്ടിട നിർമ്മാണം, ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണം, പ്രൈമറി ഹെൽത്ത് സെന്റർ കെട്ടിട നിർമ്മാണം, മിനി സ്റ്റേഡിയം, കുടിവെള്ള പൈപ്പ്ലൈൻ നിർമ്മാണം. |

Rajeev

സെക്ഷൻ ഓഫീസർ